**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 2010-11 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 904/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.18.5.2020**

---

പരാമർശം:-1) പഞ്ചായത്ത് ഡയറക്ടറുടെ 06.03.2014 ലെ എം3/43807/13 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18/05/2015 ലെ എൽ.എഫ്.പി.റ്റി.3/ 14985/14 നമ്പർ കത്ത്.

## ഉത്തരവ്

2010-11 വർഷത്തിൽ പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ 'എസ്.ടി കോളനി ബോധവൽക്കരണം' എന്ന പ്രോജക്ട് പ്രകാരം എസ്.ടി കോളനികളിൽ ഓരോ ദിവസത്തെ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയും ആയതിനുള്ള ചെലവ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കുകയുമുണ്ടായി. സർക്കാർ ഉത്തരവനുസരിച്ച് ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ തുടങ്ങിയവ നടത്തുന്നതിന് വികസനഫണ്ട് ചെലവഴിക്കാൻ പാടില്ല. ഇപ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ബോധവൽക്കരണക്യാമ്പ് നടത്തുന്നതിന് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിനാണ് മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 പ്രകാരം 1,24,847/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) തടസ്സപ്പെടുത്തിയത്.

2. പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനായി പോത്തുകല്ല് ഗ്രാമപഞ്ചായത്ത് പരിധിയിൽപെട്ട ഉൾവനത്തിലുള്ള വാണിയംപുഴ, അപ്പൻകാപ്പ്, ചെമ്പ്ര, കവളപ്പാറ, ചളിക്കൽ തുടങ്ങിയ കോളനികളിൽ വിവിധ ദിവസങ്ങളിൽ സമ്പർക്ക ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായെന്നും പ്രസ്തുത സമ്പർക്ക ബോധവൽക്കരണ പരിപാടികൾക്ക് ശേഷം വിവിധ പട്ടികവർഗ്ഗ കോളനികളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾ, സ്കൂളുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിലെ പങ്കാളിത്തം എന്നിവ മെച്ചപ്പെടുകയുമുണ്ടായെന്നും തീർത്തും സദുദ്ദേശത്തോടെ നടപ്പിലാക്കിയ ടി പ്രോജക്ടിനായി ചെലവഴിച്ച 1,24,847/- രൂപ പാഴ് ചെലവല്ലെന്നും

പൊതുധാരയിൽ നിന്നും അകന്ന് കഴിയുന്ന ഒരു സമൂഹത്തിന്റെ പൊതുവായ ഉന്നമനം ലക്ഷ്യമാക്കിയാണ് ടി തുക ചെലവഴിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

**3.** ഈ സാഹചര്യത്തിൽ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലെങ്കിലും ആദിവാസി ക്ഷേമത്തിന് വേണ്ടി നടപ്പാക്കിയ പദ്ധതിയുടെ ചെലവായതിനാലും, പ്രസ്തുത പദ്ധതി വളരെ ഉപകാരപ്രദമായിരുന്നു എന്ന ഭരണസമിതിയുടെ 28.09.2013 ലെ മീറ്റിംഗിലെ 81/13(20)-ാം നമ്പർ തീരുമാനവും പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകളും കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയ 1,24,847 രൂപ (ഒരു ലക്ഷത്തി ഇരുപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സിപോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പോത്തുകല്ല് ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**